ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 09.03.2025** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മൗറീഷ്യസ് സന്ദർശനത്തിന് മറ്റന്നാൾ തുടക്കമാകും. മൗറീഷ്യസിന്റെ ദേശീയ ദിനാഘോഷങ്ങളിൽ പ്രധാനമന്ത്രി മുഖ്യാതിഥിയാകും.

   Prime Minister Narendra Modi's visit to Mauritius will begin on Tuesday. PM will be the chief guest at the National Day celebrations of Mauritius.

2. പാർലമെന്റ് ബജറ്റ് സമ്മേളനത്തിന്റെ രണ്ടാം ഘട്ടം നാളെ ആരംഭിക്കും.

   The second phase of the Budget Session of Parliament will begin tomorrow.

3. ദരിദ്രരായ സ്ത്രീകൾക്ക് പ്രതിമാസം 2,500 രൂപ നൽകുന്ന മഹിളാ സമൃദ്ധി യോജനയ്ക്ക് അംഗീകാരം നൽകി ഡൽഹി സർക്കാർ.

   The Delhi government approves the Mahila Samriddhi Yojana, which will provide Rs 2,500 per month to poor women.

4. കേരളത്തിലെ എല്ലാ സർക്കാർ സ്ഥാപനങ്ങളിലും പോഷ് ആക്ട് പ്രകാരം ഇന്റേണൽ കമ്മിറ്റികൾ രൂപീകരിക്കുമെന്ന് മന്ത്രി വീണാ ജോർജ്.

   Health Minister Veena George says that internal committees will be formed in all government institutions in Kerala under the POSH Act.

5. ചാമ്പ്യൻസ് ട്രോഫി ഏകദിന ക്രിക്കറ്റ് ഫൈനൽ ഇന്ന്. കിരീടത്തിനായി ഇന്ത്യയും ന്യൂസിലാന്റും ഏറ്റുമുട്ടും.

India will face New Zealand for ICC Champions Trophy cricket title today.

&&&&&&&&&&&&&&&&&&&

**HEADLINE-1**

## MORN. MEA-PM MAURITIUS (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദി രണ്ട് ദിവസത്തെ മൗറീഷ്യസ് സന്ദർശനത്തിനായി ചൊവ്വാഴ്ച പുറപ്പെടും. 2015 ന് ശേഷമുള്ള പ്രധാനമന്ത്രിയുടെ ആദ്യ മൗറീഷ്യസ് സന്ദർശനമാണിത്. മൗറീഷ്യസിന്റെ ദേശീയ ദിനാഘോഷങ്ങളിൽ മുഖ്യാതിഥിയായി ശ്രീ മോദി പങ്കെടുക്കും. കൂടാതെ മൗറീഷ്യസ് പ്രസിഡന്റ് ധരംബീർ ഗോഖൂളിനെ സന്ദർശിക്കുകയും പ്രധാനമന്ത്രി നവീൻചന്ദ്ര രാംഗൂലവുമായി ചർച്ച നടത്തുകയും ചെയ്യും. അതേസമയം മൗറീഷ്യസുമായുള്ള ഇന്ത്യയുടെ ബന്ധം നൂറ്റാണ്ടുകൾ പഴക്കമുള്ളതാണെന്ന് വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി ന്യൂഡൽഹിയിൽ പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

************************************

**HEADLINE-2**

## PARLIAMENT

പാർലമെന്റ് ബജറ്റ് സമ്മേളനത്തിന്റെ രണ്ടാം ഘട്ടം നാളെ ആരംഭിക്കും. ഏപ്രിൽ 4 വരെ നീണ്ടുനിൽക്കുന്ന സമ്മേളനത്തിന്റെ രണ്ടാം ഘട്ടത്തിൽ 20 സിറ്റിങ്ങുകൾ ഉണ്ടാകും. 2025-26 വർഷത്തേക്കുള്ള ധനസഹായത്തിനായുള്ള ആവശ്യങ്ങളും അനുബന്ധ വിനിയോഗ ബില്ലും സംബന്ധിച്ച് ഈ സെഷനിൽ ചർച്ചയും വോട്ടെടുപ്പും നടക്കും. കൂടാതെ, ബാങ്കിംഗ് നിയമങ്ങൾ (ഭേദഗതി) ബിൽ, കോസ്റ്റൽ ഷിപ്പിംഗ്

ബിൽ, ത്രിഭുവൻ സഹ്കാരി സർവകലാശാല ബിൽ, ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ, റെയിൽവേസ് (ഭേദഗതി) ബിൽ എന്നിവയുൾപ്പെടെ നിരവധി നിയമനിർമ്മാണങ്ങൾ പാർലമെന്റ് പരിഗണിക്കും.

***********************************

## ASHWANI VAISHNAV- AI

വ്യാവസായിക, വിജ്ഞാന വിപ്ലവത്തിന്റെ കാലഘട്ടത്തിൽ, ഇന്ത്യ ഒരു സേവന ദാതാവ് മാത്രമല്ല, പ്രധാന സാങ്കേതിക സ്രഷ്ടാവായും ഉയർന്നുവരുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. മുംബൈയിൽ സ്വകാര്യ മാധ്യമ സ്ഥാപനം സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ശുദ്ധവും സുസ്ഥിരവുമായ ഊർജ്ജത്തിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും, ഈ വർഷം അവസാനത്തോടെ ഇന്ത്യൻ റെയിൽവേയുടെ 100 ശതമാനവും വൈദ്യുതിയിൽ പ്രവർത്തിക്കുമെന്നും കേന്ദ്ര മന്ത്രി പരാമർശിച്ചു.

***********************************

## JAISHANKAR - UK (INTRO)

ഇന്ത്യ ലോകത്തെ ആത്മവിശ്വാസത്തോടെയാണ് കാണുന്നതെന്നും വ്യാപാരം, മൊബിലിറ്റി, നിക്ഷേപം, ടൂറിസം, വിദ്യാർത്ഥി ഇടപെടലുകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിൽ കൂടുതൽ ഇടപെടാൻ ആഗ്രഹിക്കുന്നുവെന്നും വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ പറഞ്ഞു. യുകെയിലെ മാഞ്ചസ്റ്ററിൽ ഇന്ത്യൻ സമൂഹവുമായും ബിസിനസ്സ് നേതാക്കളുമായും ആശയവിനിമയം നടത്തുകയായിരുന്നു അദ്ദേഹം. ലോകമെമ്പാടും രാജ്യത്തിന്റെ പ്രതിച്ഛായ രൂപപ്പെടുത്തുന്നത് പ്രവാസി സമൂഹമാണെന്ന് പറഞ്ഞുകൊണ്ട് ഇന്ത്യൻ പ്രവാസികളുടെ സംഭാവനകളെ ഡോ. ജയ്ശങ്കർ അഭിനന്ദിച്ചു.

(ഹോൾഡ്-വോയ്സ്)

**********************************

HEADLINE-3

## DELHI- MAHILA SAMRIDHI

ദരിദ്രരായ സ്ത്രീകൾക്ക് പ്രതിമാസം 2,500 രൂപ നൽകുന്നതിനുള്ള മഹിളാ സമൃദ്ധി യോജനയ്ക്ക് ഡൽഹി സർക്കാർ അംഗീകാരം നൽകി. ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്ത ഇന്നലെ ദേശീയ തലസ്ഥാനത്ത് നടന്ന വാർത്താസമ്മേളനത്തിലാണ് പ്രഖ്യാപനം നടത്തിയത്. അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് ഡൽഹി സർക്കാരിന്റെ മന്ത്രിസഭാ യോഗത്തിൽ പദ്ധതിക്ക് അംഗീകാരം ലഭിച്ചതായി അവർ പറഞ്ഞു. പദ്ധതി നടപ്പിലാക്കുന്നതിനായി 5,100 കോടി രൂപയുടെ ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

**********************************

## RAJNATH SINGH

അയൽ രാജ്യങ്ങളുമായി ആരോഗ്യകരമായ ബന്ധം നിലനിർത്താൻ ഇന്ത്യ എപ്പോഴും ശക്തമായി വാദിച്ചിട്ടുണ്ടെന്നും ബംഗ്ലാദേശും അതിൽ നിന്ന് വ്യത്യസ്തമല്ലെന്നും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ഒരു വാർത്താ ഏജൻസിക്ക് നൽകിയ അഭിമുഖത്തിൽ, ഇന്ത്യ എപ്പോഴും അയൽ രാജ്യങ്ങളുമായി നല്ല ബന്ധം നിലനിർത്താൻ ശ്രമിക്കാറുണ്ടെന്ന് ശ്രീ സിംഗ് പറഞ്ഞു.

**********************************

## MANIPUR-PROTESTS

മണിപ്പൂരിൽ ഇംഫാൽ - ദിമാപൂർ ദേശീയ പാതയിലുണ്ടായ പ്രതിഷേധത്തിനിടെ ഒരാൾ മരിച്ചു. ഈ പാതയിലൂടെയുള്ള ഗതാഗതം സുഗമമാക്കുന്നതിനുള്ള കേന്ദ്ര സർക്കാർ നടപടിക്കെതിരെയായിരുന്നു പ്രതിഷേധം. സംഘർഷങ്ങളെ തുടർന്ന് 2023 മെയ് മുതൽ ദേശീയ പാത 37, എൻ എച്ച് 2

എന്നിവയിലൂടെയുള്ള ഗതാഗതം തടസ്സപ്പെട്ടിരിക്കുകയാണ്. ഈ മാസം ഒന്നിന് ന്യൂഡൽഹിയിൽ ചേർന്ന യോഗത്തിലാണ് കൂടുതൽ സുരക്ഷാ സേനയെ വിന്യസിച്ച് ഗതാഗതം പുനഃസ്ഥാപിക്കണമെന്ന തീരുമാനം കൈകൊണ്ടത്.

*********************************

## GOVERNOR KERALA

കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ ഇന്ന് വയനാട്ടിൽ വനവാസി സംഘടനകളുടെ 'ഗോത്രപർവ്വം 2025' കലാമേള ഉദ്ഘാടനം ചെയ്യും. രാവിലെ ഹെലികോപ്റ്ററിൽ കൽപ്പറ്റയിൽ എത്തുന്ന ഗവർണർ പൂക്കോട് വെറ്ററിനറി സർവ്വകലാശാലയിൽ വിദ്യാർത്ഥികളുമായി സംവദിക്കും.

*********************************

### HEADLINE-4

## POSH ACT-KERALA VEENA GEORGE

തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷിതത്വം ഉറപ്പാക്കാൻ പോഷ് ആക്ട് പ്രകാരം കേരളത്തിലെ 95 സർക്കാർ വകുപ്പുകളിലെ പത്തിൽ കൂടുതൽ ജീവനക്കാരുള്ള എല്ലാ സ്ഥാപനങ്ങളിലും ഇന്റേണൽ കമ്മിറ്റികൾ രൂപീകരിച്ചതായി മന്ത്രി വീണാ ജോർജ്. അന്താരാഷ്ട്ര വനിതാ ദിനാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു മന്ത്രി. ഐടി പാർക്കുകൾ, സ്വകാര്യ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയും ഐ.സി. കമ്മിറ്റികളുള്ള സ്ഥാപനങ്ങളാക്കി മാറ്റാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നതെന്നും ശ്രീമതി വീണാ ജോർജ് വ്യക്തമാക്കി.

*********************************

## CPIM-CONFERENCE

കൊല്ലത്ത് നടക്കുന്ന CPI(M) സംസ്ഥാനസമ്മേളനം ഇന്ന് സമാപിക്കും. നയരേഖയിൻമേലുള്ള ചർച്ചകൾക്ക് മുഖ്യമന്ത്രി പിണറായി വിജയൻ മറുപടി നൽകും. തുടർന്ന് റിപ്പോർട്ട് അംഗീകരിക്കൽ, സംസ്ഥാന കമ്മിറ്റി തിരഞ്ഞെടുപ്പ്, പാർട്ടി കോൺഗ്രസ് പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് എന്നിവ നടക്കും. വൈകിട്ട് ആശ്രാമം മൈതാനത്തെ സീതാറാം യെച്ചൂരി നഗറിൽ നടക്കുന്ന പൊതുസമ്മേളനത്തോടെ നാല് ദിവസം നീണ്ട സമ്മേളനം അവസാനിക്കും. ഉച്ചയ്ക്കുശേഷം പോലീസ് ഗതാഗത ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

************************************

HEADLINE-5

## CHAMPIONS TROPHY (INTRO)

ICC ചാമ്പ്യൻസ് ട്രോഫി ഏകദിന ക്രിക്കറ്റിൽ ഇന്ത്യ- ന്യൂസിലന്റ് കിരീട പോരാട്ടം ഇന്ന്. ദുബായ് അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് 2.30-നാണ് മത്സരം.

**വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി സുരേഷ് ബാബു...**

(വോയിസ്)

************************************

## FOOTBALL - ISL

ഐഎസ്എൽ ഫുട്ബോളിൽ ഇന്നലത്തെ മത്സരത്തിൽ, നോർത്ത് ഈസ്റ്റ് യുണൈറ്റഡ് എഫ്സി-ഈസ്റ്റ് ബംഗാൾ എഫ്സിയെ പരാജയപ്പെടുത്തി. ഏകപക്ഷീയമായ നാലു ഗോളുകൾക്കാണ് ജയം. മറ്റൊരു മത്സരത്തിൽ എഫ്സി ഗോവയെ എതിരില്ലാത്ത രണ്ട് ഗോളിന് മോഹൻബഗാൻ സൂപ്പർ ജയന്റ്സ് പരാജയപ്പെടുത്തി. ഇന്ന്, ചെന്നൈയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ ചെന്നൈയിൻ

എഫ്സി-ജംഷഡ്പൂർ എഫ്സിയെ നേരിടും. മത്സരം വൈകുന്നേരം 7:30 ന് ആരംഭിക്കും.

***********************************

## WOMENS PREMIER LEAGUE CRICKET

വനിതാ പ്രീമിയർ ലീഗിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ 12 റൺസിന് യു പി വാരിയേഴ്സ് പരാജയപ്പെടുത്തി. ലഖ്നൗവിലെ എകാന ക്രിക്കറ്റ് സ്റ്റേഡിയത്തിലായിരുന്നു മത്സരം. തോൽവിയോടെ നിലവിലെ ചാമ്പ്യൻമാരായ റോയൽ ചലഞ്ചേഴ്സ് ഈ ടൂർണമെന്റിൽ നിന്ന് പുറത്താകുന്ന രണ്ടാമത്തെ ടീമായി.

***********************************

## KHELO INDIA WINTER GAMES

ഖേലൊ ഇന്ത്യ ശൈത്യകാല ഗെയിംസ് 2025 ന്റെ രണ്ടാം ഘട്ട മത്സരങ്ങൾക്ക് ഇന്ന് ജമ്മു കാശ്മീരിലെ ഗുൽമാർഗിൽ തുടക്കമാകും. സ്കീയിങ്, സ്നോബോർഡിങ് എന്നീ മത്സരങ്ങളാണ് ഇവിടെ നടക്കും. ആദ്യ പാദ മത്സരങ്ങളിലെ വിജയികളായ ലഡാക്ക് കിരീടം നിലനിർത്താനായിരിക്കും ശ്രമിക്കുന്നത്.

***********************************

## SITHARAMAN - INDIA US TRADE

സാമ്പത്തിക വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും സുഗമമായ വിതരണ ശൃംഖലകൾ ഉറപ്പാക്കുന്നതിനും ഇന്ത്യ യുഎസുമായി മികച്ച വ്യാപാര കരാർ തേടുകയാണെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. വളർന്നുവരുന്ന ആഗോള താരിഫ് യുദ്ധത്തിനിടയിൽ, ഉയർന്ന യുഎസ് താരിഫ് നേരിടുന്ന രാജ്യങ്ങളിൽ നിന്നുള്ള സാധനങ്ങൾ ഇറക്കുമതി

ചെയ്യുന്നതിനെതിരെ ഇന്ത്യ സമർത്ഥമായി നീങ്ങേണ്ടതുണ്ടെന്നും അവർ പറഞ്ഞു. ഇന്നലെ മുംബൈയിൽ നടന്ന അവാർഡ് ദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു കേന്ദ്ര മന്ത്രി. ജിഎസ്ടി നിരക്കുകൾ കൂടുതൽ കുറയ്ക്കുമെന്നും നികുതി നിരക്കുകളും സ്ലാബുകളും യുക്തിസഹമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതാണ്ട് അന്തിമഘട്ടത്തിലെത്തിയെന്നും ധനമന്ത്രി പറഞ്ഞു.

**************************************

## MORN. INDIA - US

അടുത്തിടെ അവസാനിച്ച, ഉഭയകക്ഷി വ്യാപാര കരാറുകൾ പ്രകാരം ഓസ്ട്രേലിയ, യുഎഇ, സ്വിറ്റ്സർലൻഡ്, നോർവേ തുടങ്ങിയ പ്രധാന വികസിത രാജ്യങ്ങൾക്കുള്ള ശരാശരി താരിഫുകൾ ഇന്ത്യ ഗണ്യമായി കുറച്ചു.

*

*******************

***************************************************